# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 503 2014 **ജൂൺ** 10-ാം തീയതി
മറുപടിനല്കേണ്ടത്

**പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ കരാർ കുടിശ്ശിക**

ചോദ്യം                                                                 ഉത്തരം

**ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)**

**ശ്രീ. കെ.എം. മാണി**
ധനകാര്യവും
നിയമവും
ഭവനനിർമ്മാണവും
വകുപ്പു മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് പൊതു മരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച വക യിൽ കരാറുകാർക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെ ന്ന് പ്രത്യേകം വിശദമാക്കാമോ; | ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത് പാലം) വകുപ്പിൽ 01.08.2013 മുതൽ 31.01.2014 വരെ 714 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 01.08.2013 മുതൽ 31.03.2014 വരെ 337.91 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.09.2013 മുതൽ 31.10.2013 വരെ 44.29 കോടി രൂപയും കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. |
| ബി). ഈ തുക നൽകാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദാംശങ്ങൾ അറിയി ക്കാമോ? | കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിലെ 2013 ആഗസ്റ്റ് മാസത്തേയും ജലസേചന വകുപ്പിലെ 2013 സെപ്തംബർ മാസത്തേയും ബില്ലുകൾ ഉടനെ കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ